8

# എനിക്കു അംഗമാകാൻ ഇഷ്ടമുള്ള ഒരു സഭ

## (2:42- 47)

നമ്മുടെ കഴിഞ്ഞ പാഠത്തിൽ പെന്തെകൊസ്തു നാളിൽ വചനം കൈക്കൊണ്ടു സ്നാനപ്പെട്ടതായി നാം പഠിച്ചു. ക്രിസ്തുവിനോടുള്ള ബന്ധം, വിശ്വസിച്ചു സ്നാനപ്പെടുമ്പോൾ ആരംഭിക്കുന്നേയുള്ളൂ; പിന്നെ നാം അവനോടൊപ്പം *നടക്കണം.* ഈ പുസ്തകത്തിലെ അവസാന വാക്യങ്ങൾ (വാക്യം 42–47) പറയുന്നത് എങ്ങനെ "ക്രിസ്തുവിലുള്ള ശിശുക്കൾ" (1 കൊരിന്ത്യർ 3:1) നടക്കുവാൻ ശീലിക്കും എന്നാണ്.

ഈ വാക്യങ്ങലെ നാം പഠിക്കുമ്പോൾ, അപൂർവ്വമായ ഒരു ഇടവകയുടെ ചിത്രം നമുക്കുകിട്ടും. കർത്താവിനെ ജ്വലിക്കുന്ന പുതിയ ക്രിസ്ത്യാനികളെ സംയോജിപ്പിച്ച – ഒരിടവക. ആ കൂട്ടായ്മയുടെ ഭാഗമായി തീരാൻ ഞാൻ ഇഷ്ടപ്പെടുന്നു! ഈ പ്രത്യേക കൂട്ടത്തിനു എടുത്തുപറയാവുന്ന സ്വഭാവവിശേഷതകൾ ധാരാളം ഉണ്ട്: അതൊരു പഠിച്ചുകൊണ്ടിരിക്കുന്ന സഭയായിരുന്നു. കൂട്ടായ്മ പുലർത്തിയിരുന്ന സഭയായിരുന്നു. പ്രാർത്ഥിച്ചിരുന്ന സഭയായിരുന്നു, പ്രവർത്തിച്ചിരുന്ന സഭയായിരുന്നു, വളരുന്ന സഭയായിരുന്നു. "ഞാൻ അംഗമായിരിക്കാൻ ഇഷ്ടപ്പെടുന്ന സഭയുടെ" ഈ അഞ്ചു സ്വഭാവ വിശേഷതകളിൽ ഊന്നൽ കൊടുക്കുവാൻ ഞാൻ ശ്രമിക്കട്ടെ.

### ആരാധിക്കുന്ന ഒരു സഭ (2:42)

42–ാം വാക്യം ശ്രദ്ധിച്ചാൽ അതു 41–ാം വാക്യ "വു" മായി യോജിച്ചു നില്ക്കുന്നു എന്നു കാണാം,[1] മൂവായിരം പേർ സ്നാനമേറ്റ, *ഉടനെ* അവർ പുതിയ ക്രിസ്ത്യാനികളായും ശരീരത്തിലെ അവയവങ്ങളായും പ്രവൃത്തിക്കാൻ തുടങ്ങി. അവ എന്തു ചെയ്തു? അതിന്റെ ചുരുക്കം 42–ാം വാക്യത്തിലുണ്ട്: "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം[2] കേട്ടു കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു."

സഭ സ്ഥാപിച്ചപ്പോൾ, ഉടനെ അവർക്കു വേണ്ട നിർദ്ദേശങ്ങളുടെ കയ്യെഴുത്തു കൈമാറിയിരുന്നില്ല.[3] മറിച്ച്, ദൈവം അപ്പൊസ്തലന്മാരെ നിയോഗിച്ചു അവർ എന്തു വിശ്വസിക്കണം എന്തു ചെയ്യണം[4] എന്നു വ്യക്തിപരമായി പഠിപ്പിച്ചു. ആളുകളെ സ്നാനപ്പെടുത്തിയശേഷവും, യേശുകിസ്തു ഉപദേശിച്ചതെല്ലാം പ്രമാണിപ്പാൻ അവരെ ഉപദേശിക്കയും ചെയ്യണമെന്നു യേശു ശിഷ്യന്മാർക്കു കല്പന കൊടുത്തരുന്നു (മത്തായി 28:19, 20). അവർക്കു അങ്ങനെ ചെയ്യുവാൻ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ, സ്നാനപ്പെട്ടവർ സന്തോഷത്തോടെ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടുകൊണ്ടിരുന്നു. പുതിയ ജീവിതമാർഗ്ഗത്തെ കുറിച്ചു പഠിക്കുവാൻ താല്പര്യമുള്ളവരായിരുന്നു ആ പുതിയ ക്രിസ്ത്യാനികൾ. അതുകൊണ്ട് അവർ *തുടർച്ചയായി* ദൈവത്തിന്റെ വക്താക്കളിൽ[5] നിന്നു കേട്ടു പഠിച്ചിരുന്നു. ഇന്നും, അതേ ഉപദേശം "പുതിയനിയമത്തിൽ"[6] ലഭ്യമാണ്. വചനം വായിച്ചു പഠിക്കുവാൻ നാം നമ്മെത്തന്നെ ഭക്തിയുള്ളവരാക്കുമോ? വചനം വായിക്കുവാന വാസ്തവത്തിൽ വചനം പഠിക്കുവാൻ നാം *ഒരുങ്ങുമോ?* നാം *തുടർച്ചയായി* ഇതു ചെയ്യുമോ?

"തുടർന്നു പോന്നു" എന്നതിൽ 42–ാം വാകൃത്തിൽ പറഞ്ഞ നാലു പ്രവൃത്തികളും ഉൾപ്പെടുന്നു. അടുത്തതായി, ഈ പുതിയ ക്രിസ്ത്യാനികൾ തുടർന്നും "കൂട്ടായ്മ" ആചരിച്ചു വന്നു. ഒരു പ്രത്യേക ഗ്രീക്കു വാക്കു തർജ്ജിമ ചെയ്ത വാക്കാണ് "കൂട്ടായ്മ" എന്നത് *കൊയ്നോണിയ*. *കൊയ്നോണിയ* എന്നതിന്റെ മൂലാർത്ഥം "പൊതുവിൽ ആകുക" എന്നാണ്. അതു ചിലപ്പോൾ "പങ്കിടൽ"[7] എന്നു തർജ്ജിമ ചെയ്തിട്ടുണ്ട്. നാം അതുകൊണ്ട് വായിക്കുന്നതു, നമുക്കു ദൈവത്തോടും, പരിശുദ്ധാത്മാവിനോടും[8] – ക്രിസ്തുവിനോടും, മറ്റു ക്രിസ്ത്യാനികളോടും കൂട്ടായ്മയുണ്ട് എന്നാണ് (1 യോഹന്നാൻ 1:7). പൊതുവായ ഉടമ്പടി *സൂചിപ്പിക്കുന്നതിനും കൊയ്നോനിയ* എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ഈ വാക്കു പുതിയ നിയമത്തിൽ, പല അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണമായി കർത്തൃമേശ പങ്കിടുന്നതിനു "കമ്മ്യൂണിയൻ" എന്നും 1 കൊരിന്ത്യർ 10:16 (KJV)[9] "ധർമ്മശേഖരത്തിലും" റോമർ 15:26 (2 കൊരിന്ത്യർ 9:13). നാം ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ, കർത്തൃമേശ എടുക്കുമ്പോഴും ധർമ്മശേഖരത്തിനും നല്കുമ്പോഴും നമ്മുടെ പൊതുവിശ്വാസം പങ്കിടുകയാണ്.[10]

പുതിയനിയമത്തിൽ *കൊയ്നോനിയ* എന്ന വാക്ക് സാമ്പത്തിക കൂട്ടായ്മയുടെ, ബന്ധത്തിൽ ഉപയോഗിച്ചിരിക്കകൊണ്ടും, 44–ാം വാകൃത്തിൽ ആരംഭ ക്രിസ്ത്യാനികൾ "എല്ലാം പൊതുവാകയായി" (*കൊയിനോണിയ* എന്നതിന്റെ, മൂലവാക്കായ *കൊയിനയിൽ* നിന്ന്) എണ്ണി, ചില പണ്ഡിതൻമാർ കരുതുന്നത് ഇവിടത്തെ പ്രാധമികമായ ആശയം ഈ വാകൃത്തിൽ *കൊയിനോണിയ* തർജ്ജിമ ചെയ്തത് "ധർമ്മം" അല്ലെങ്കിൽ അതിനോട് തുല്യമായതാണ്.[11] ഇത് കൂടുതൽ വിശാലമയി ചിന്തിച്ചാൽ നന്നായിരിക്കും; ഇതിൽ ലൈകികമായ സാധനങ്ങൾ പങ്കിടുന്നതും ഉൾപ്പെടുന്നു, പക്ഷെ ഇതിൽ ക്രിസ്ത്യാനികളുടെ മൊത്തത്തിലുള്ള ജീവിതവും അടങ്ങുന്നു. ന്യു

ഇംഗ്ലീഷ് ബൈബിളിൽ ഈ ആശയമാണ് ഉള്ളത്: "അവർ ... കൂടിവന്നു സകലവും ജീവിതത്തിൽ പൊതുവായി എണ്ണി." അന്നത്തെ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന ആ കരുതൽ ഇന്നു *നമുക്കു* സഹക്രിസ്ത്യാനികളോടുണ്ടോ? നമ്മുടെ യോജിപ്പ് പ്രകടിപ്പിക്കത്തക്കനിലയിൽ നാം നമ്മുടെ സഹോദരങ്ങളെ അറിയുവാൻ നാം തന്നെ സമർപ്പിച്ചിട്ടുണ്ടോ?

മൂന്നാമതായി, ആ പുതിയ ക്രിസ്ത്യാനികൾ തുടർന്നും ദൈവഭക്തരായി "അപ്പം നുറുക്കിയും പോന്നു" "അപ്പം നുറുക്കൽ" എന്നതു കർത്തൃമേശയെ സൂചിപ്പിക്കുന്നു (പ്രവൃത്തി 20:7; 1 കൊരിന്ത്യർ 10:16).[12] അതുപോലെ സാധാരണ ഭക്ഷണത്തെയും സൂചിപ്പിക്കുന്നുണ്ട് (2:46). ലൂക്കോസ് ഇവിടെ സംസാരിക്കുന്നതു കർത്തൃമേശയാണെന്നു സന്ദർഭം വിവരിക്കുന്നു.[13] ആദ്യക്രിസ്ത്യാനികൾ ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും അപ്പം നുറുക്കുവാൻ കൂടി വന്നു എന്നു പിന്നീട്, നാം പഠിക്കും. ഈ പരിശീലനം ക്രിസ്തുവിൽ ശിശുക്കളായവർ ഉടനെതന്നെ, ആഴ്ചവട്ടിത്തിന്റെ ഒന്നാം നാളിൽ കർത്തൃമേശ ആചരിക്കാൻ തുടങ്ങി. ഇന്നു ചിലർ കർത്താവിന്റെ മരണത്തെ ഓർക്കുന്നതിനു, കൂടിവരുന്നതു അടുക്കും ചിട്ടയുമില്ലാതെയാണെന്നു ഞാൻ കാണുന്നു അപ്പം നുറുക്കുവാൻ ആദിയിൽ കൂടിവന്നവരുടെ ആത്മാവു നമ്മിൽ പുതുക്കം വരുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു!

42-ാം വാക്യത്തിൽ അവസാനം പറഞ്ഞിരിക്കുന്ന കാര്യം പ്രാർത്ഥനയാണ്: "അവർ തുടർച്ചയായി ... ഭക്തിയോടെ പ്രാർത്ഥിച്ചു വന്നു." പ്രാർത്ഥനയുടെ അന്തരീഷത്തിലാണ് സഭ ആരംഭിച്ചത് തുടർ ന്നും അവർ പ്രാർത്ഥിച്ചു പോന്നു. ഓരോ ദിവസവും നേരിട്ട വെല്ലുവിളിയെ അവർ ഓരോ ദിവസവും പ്രാർത്ഥിച്ചു അവരെ നേരിട്ടു.

42-ാം വാക്യത്തിൽ ഞാൻ കാണുന്ന വിഷയം *ആരാധന*യാണ്. ആളുകൾ സ്നാനമേറ്റപ്പോൾ, "അവർ തുടർന്നു ദൈവഭക്തരായി" ദൈവത്തെ ആരാധിച്ചു പോന്നു! ഇവിടെ നമുക്കൊരു പാഠമുണ്ട്: ആരാധന നമ്മുടെ ഹൃദയത്തിൽ കർത്താവിനു നിന്നുള്ള സമർപ്പണപ്രദർശനമാണ്, ക്രിസ്ത്യാനികളായി നാം വളരുന്ന ഹൃദയപ്രകടനമാണ്, ദൈവത്തോടും തുടർന്നും വിശ്വസ്തരാകുന്ന പ്രകടനമാണ്! ഇതൊരു *ഏകോപിച്ച ആരാധനയാണ്* എന്നു ശ്രദ്ധിക്കുക. ക്രിസ്തുവിലുള്ള സഹോദരീ സഹോദരന്മാർ *ഒരുമിച്ചു* ആരാധിച്ചു. പരസ്പരവും ദൈവത്തോടും ഉള്ള ബന്ധത്തിൽ വളരുവാൻ ഒരുമച്ചുള്ള ആരാധനയല്ലാതെ മറ്റൊന്നുമില്ല. പെന്തെകൊസ്തുനാൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ, വന്നതുകൊണ്ട് ഞാൻ ഊഹിക്കുന്നതു അന്നു മൂ - വായിരം പേരും സ്നാനമേറ്റുകഴിഞ്ഞപ്പോൾ, യെരുശലേമിൽ ആദ്യ ഇടവക വചനം കേൾക്കുവാനും, കർത്താവിന്റെ മരണത്തെ ഓർത്തു അപ്പം നുറുക്കുവാനും, തുടങ്ങി എന്നു കരുതുന്നു! നാമും അതുപോലെ ബോധപൂർവ്വം ദൈവത്തെ ആരാധിക്കുവാൻ അവൻ നമ്മെ സഹായിക്കട്ടെ

### ആദരിക്കുന്ന ഒരു സഭ (2:43)

പെന്തെകൊസ്തുനാളിൽ മൂവായിരം പേർ സ്നാനമേറ്റതിനെക്കുറിച്ചു ചുരുങ്ങിയ പ്രസ്താവന നടത്തിയശേഷം ലൂക്കോസ് സഭയുടെ

ആദ്യ ജീവനെക്കുറിച്ചു 43 മുതൽ 47 വരെയുള്ള വാക്യങ്ങളിൽ പറയുന്നു.[14] "എല്ലാവർക്കും ഭയമായി [അല്ലെങ്കിൽ, വന്ദിച്ചു[15]]; അപ്പൊസ്തലന്മാരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു"[16] (വാക്യം 43). "അത്ഭുതങ്ങളും അടയാളങ്ങളും" സൂചിപ്പിക്കുന്നത് അപ്പൊസ്തലന്മാർ ചെയ്ത അത്ഭുതങ്ങളെയാണ്[17] ക്രിസ്തു അപ്പൊസ്തലന്മാർക്കു വാഗ്ദാനം ചെയ്തതുപോലെ, അവർ സുവിശേഷം പ്രസംഗിച്ചും, "അടയാളങ്ങളാൽ" ഉറപ്പിച്ചും പോന്നു (മർക്കൊസ് 16:17, 18); ആ വാഗ്ദാന നിവർത്തീകരണത്തിന്റെ ആരംഭമായിരുന്നു ഇത്. അവർ, ചെയ്ത ചില അത്ഭുതങ്ങളെ നാം പിന്നീട് കാണും.[18] ഇപ്പോൾ, അതൊരു ദൈവശ്വാസീയമായ ഭയങ്കര നിമിഷമായിരുന്നു എന്നു മാത്രം പറയുന്നു!

### നിസ്വാർത്ഥമായ സഭ (2:44, 45)

42-ാം വാക്യത്തിൽ പറഞ്ഞ കൂട്ടായ്മയുടെ ഉത്തമ ഉദാഹരണമാണ് 44 ഉം 45 ഉം വാക്യങ്ങളിൽ ഉള്ളത്: "വിശ്വസിച്ചവർ എല്ലാവ രും ഒരുമിച്ചിരുന്നു, സകല പൊതുവക എന്നു എണ്ണുകയും; ജന്മഭൂമി കളും വസ്തുവകകളും വിറ്റു, അവനവന്നു ആവശ്യമുള്ളതുപോലെ, എല്ലാവർക്കും പങ്കിടുകയും, ചെയ്തു."

ഇതുപോലെ ഉള്ളതു ലോകം അന്നുവരെ കണ്ടിട്ടില്ലായിരുന്നു! സഭയിലെ അധികപേരും കുറച്ചു ദിവസങ്ങൾക്കു മുൻപ് അപരിചിതരായിരുന്നു. അവർ വ്യത്യസ്ത പശ്ചാത്തലത്തിൽ നിന്നും സംസ്ക്കാരത്തിൽ നിന്നും വന്നവരായിരുന്നു. എന്നിട്ടും, അവർ അന്യോന്യം, കരുതാൻ തുടങ്ങി. ബലഹീനരെ പ്രത്യേകിച്ചു ശ്രദ്ധിച്ചു സഹായിച്ചു! ന്യായപ്രമാണം അവരെ സഹായിക്കുവാൻ പഠിപ്പിക്കുന്നുണ്ടെങ്കിലും യെഹൂദന്മാർ ആവശ്യക്കാരെ അവഗണിച്ചിരുന്നു, ജാതികളാണെങ്കിൽ നിർഭാഗ്യവാന്മാരെ സഹായിക്കുന്നതു *വിരളമായിരുന്നു.* ആ സമൂഹം മുഴുവൻ ഈ യേശുവിന്റെ അനുയായികളിൽ ആകൃഷ്ടരായതിൽ അത്ഭുതപ്പെടാനില്ല (2:47).

44 ഉം 45 ഉം വാക്യങ്ങൾ ഉണർത്തുന്നതും വെല്ലുവിളിക്കുന്നതുമാകുന്നു. നിർഭാഗ്യവശാൽ, അവയെ മോശമാകുകയും തെറ്റായി ഉപയോഗിക്കയും ചെയ്തിരിക്കയാണ്. ചിലർ ഈ വാക്യങ്ങളെ എടുത്തു "ക്രിസ്തീയ കമ്മ്യൂണിസം" എന്നു പറഞ്ഞിട്ടുണ്ട്. ഉടോപ്പ്യൻ[19] സമൂഹങ്ങളെ വാർത്തെടുക്കാൻ ശ്രമിക്കുന്നവർ അവരുടെ പരിശ്രമങ്ങളെക്കുറിച്ച് ന്യായീകരിക്കുകയുമായിട്ടുണ്ട്. ചില സംസ്ക്കാരരഹിതങ്ങളായ നായകന്മാർ അവരുടെ അനുഗാമികളോടു അവരുടെ സ്വത്തുക്കളെല്ലാം വിറ്റു നേതാക്കന്മാരുടെ പക്കൽ ഏല്പിക്കാൻ പറഞ്ഞിട്ടുണ്ട്. നാം ഇവിടെ ലൂക്കോസ് പറഞ്ഞി*ട്ടുള്ളതും* അവൻ പറഞ്ഞി*ട്ടില്ലാത്തതും* നാം മനസിലാക്കണം.

ആദ്യം, "എല്ലാം പൊതുവകായായി എണ്ണി," എന്നത് മാത്രം എടുത്താൽ നാം തെറ്റിദ്ധരിച്ചേക്കാം. ലൂക്കൊസ് പറയുന്നത് സഭയിലെ അംഗങ്ങൾ എല്ലാവരും അവരുടെ വസ്തുക്കൾ വിറ്റ് പൊതുവായ ഖജനാവിലേക്കു കൊണ്ടുവന്നു എന്നല്ല.[20] 45-ാം വാക്യത്തിലെ NASB

എങ്ങനെ പറയുന്നു: "അവർ തങ്ങളുടെ വസ്തുക്കൾ വിൽക്കുവാനും പങ്കിടുവാനും തുടങ്ങി ..."[21] (എംഫസിസ്മെൻ). പിന്നെ 46–ാം വാക്യം ശ്രദ്ധിക്കുക: സഭയിലെ അംഗങ്ങൾ "വീടുതോറും" അപ്പം നുറുക്കി ഭക്ഷണം കഴിച്ചു വന്നു എന്നു പറയുന്നുണ്ട്. അവർ എല്ലാവരും അവരുടെ വീടുകൾ ഉടനെ വിറ്റെങ്കിൽ, അവർ എവിടെ കൂടി വന്നു? ചില സമയങ്ങൾക്കു ശേഷം 4ഉം 5ഉം അദ്ധ്യായങ്ങൾ, അവർ ഈ നട പടി തുടർന്നതായി വായിക്കുന്നുണ്ട്. പിന്നീട്, യെരുശലേം സഭ മറിയ യുടെ ഭവനത്തിൽ പ്രാർത്ഥനക്കുകൂടി വന്നു (12:12). അവൾ അപ്പോഴും അവളുടെ വീട്ടിൽ തന്നെയായിരുന്നു. ഉള്ളതു പൊതുവായി തീരേണ്ടതു എല്ലാ ക്രിസ്ത്യാനികളും അവരുടെ വസ്തുവകകൾ വിറ്റി*ട്ടില്ലാ*യിരുന്നു.

പുതിയ ക്രിസ്തീയ "സമൂഹത്തിൽ" അംഗമായി തീരുവാൻ തനിക്കുള്ളതു വിറ്റു കൊണ്ടു വന്നു തരണമെന്നു അപ്പോസ്തലന്മാർ പറഞ്ഞു എന്നുമല്ല, ലൂക്കൊസ് പറഞ്ഞത് അനന്യാസും സഫീറയും അവരുടെ നിലം വിറ്റതിൽ ഒരംശം കൊണ്ടു വന്നു അപ്പൊസ്തലന്മാരുടെ കാൽക്കൽ കൊണ്ടു വന്നുവെച്ചപ്പോൾ പത്രോസ് അനന്യാസിനോട്: "... പരിശുദ്ധാത്മാവിനോടു വ്യാജം കാണിപ്പാനും, നിലത്തിന്റെ വിലയിൽ കുറെ എടുത്തു വെപ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയത് എന്തു? മനുഷ്യരോടല്ല, ദൈവത്തോടത്രെ നീ വ്യാജം കാണിച്ചതു *അതു വില്ക്കും മുമ്പെ നിന്റേതായിരുന്നില്ലെ, വിറ്റശേഷവും നിന്റേതായിരുന്നില്ലെ?"* എന്നു പറഞ്ഞു (5:3, 4; എംഫസിസ്മെൻ).

മറ്റൊരർത്ഥത്തിൽ, അവരുടെ വസ്തു വില്ക്കുന്നതിനു മുൻപും, അവരുടെ ഇഷ്ടപ്രകാരം ചെയ്യാമായിരുന്നു. വിറ്റശേഷവും, അവരുടെ താല്പര്യപ്രകാരം ചെയ്യാമായിരുന്നു. പണം അവരുടേതായിരുന്നു. അവർ വിറ്റ പണം മുഴുവൻ കൊണ്ടുവന്നു എടുത്തതായിരുന്നില്ല അവരുടെ കുറ്റം; എല്ലാം കൊടുത്തു എന്നു *വരുത്തി തീർത്തതാണ്* കുറ്റം.[22] ക്രിസ്തീയ കൂട്ടായ്മയുടെ[23] രംഗമായി തീരാൻ ഓരോ അംഗവും തനിക്കുള്ളതു വിറ്റു കൊടുക്കുവാൻ അപ്പൊസ്തലന്മാർ ആവശ്യപ്പെട്ട സൂചന നമു*ക്കില്ല*. സംഭവം അങ്ങനെയായിരുന്നില്ല എന്നു ധാരാളം സൂചനകൾ വ്യക്തമാകുന്നുമുണ്ട്.

തങ്ങൾക്കുള്ളതു വിറ്റു മറ്റു സഹോദങ്ങളെ സഹായിക്കുവാൻ ഈ ക്രിസ്ത്യാനികൾ *സ്വയംതീരുമാനിച്ചതായിരുന്നു*. ബർട്ടൻ കോഫ്മാന്റെ വിവരണം എനിക്കിഷ്ടമാണ്: "... പ്രവൃത്തിയുടെ പുസ്തകത്തിലെ ... കമ്മ്യൂണിസം എന്നറിയപ്പെടുന്നത്. ഇന്നത്തെ ലോക കമ്മ്യൂണിസവുമായി ശരിക്കും ബന്ധമുണ്ട്. ധർമ്മശേഖരം പിരിക്കുന്ന പാത്രമാണ് നിങ്ങളുടെ കയ്യിൽ എങ്കിൽ കൊള്ളക്കാരന്റെ കയ്യിൽ ഇരിക്കുന്നതു തോക്കായിരിക്കും."[24]

ക്രിസ്ത്യാനികൾ തങ്ങൾക്കുള്ളതു എല്ലാം വിറ്റു കൊണ്ടു വരാൻ *ആവശ്യ*പ്പെടാതെ, ചെയ്തതാണെങ്കിൽ ലൂക്കോസ് പറയുന്നതെന്താണ്? ആദ്യമായി, അവൻ പറയുന്നതു പുതിയക്രിസ്ത്യാനികൾക്കു ഒരു *വെല്ലുവിളി* നേരിടേണ്ടതായി വന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങ

ളിൽ നിന്നു യെഹൂദന്മാർ പെന്തെകൊസ്തു ആഘോഷിക്കാൻ വന്നിരിക്കുന്നു. അവരിൽ അനേകർ സ്നാനമേറ്റു, ആ പ്രദേശത്തു തന്നെ കഴിയുന്നു.[25] അവർ കൊണ്ടു വന്ന പണമെല്ലാം അപ്പോൾ തീർന്നിരിക്കും. യെരുശലേമിൽ വ്യാപാരം നടത്തുവാനുള്ള അവസരവും അവർക്കു ചുരുക്കമായിരുന്നു. ഒരു പക്ഷേ നിരവധി പേർക്കു സാമ്പത്തികസഹായം[26] ആവശ്യമായി വന്നേക്കാം. അതൊരു ആവിഷ്ക്കാര പദ്ധതിയായിരുന്നില്ല, മറിച്ചു വളർന്നു വന്ന സാഹചര്യമായിരുന്നു. അല്ലെങ്കിൽ, ഒരു കൂട്ടം ക്രിസ്ത്യാനികൾ കൂടി അവരവർക്കുള്ളതെല്ലാം വിറ്റു ഓരോരുത്തരുടെ ആവശ്യങ്ങൾ നിറവേറ്റാം എന്നു ആലോചിച്ച് നടപ്പാക്കിയതായിരുന്നില്ല. "ഒരു തികഞ്ഞ സമൂഹം ഓരോരുത്തരും തന്താന്റെ കഴിവനുസരിച്ചു നല്കുകയും ആവശ്യം അനുസരിച്ചു ലഭിക്കുകയും ചെയ്തിരുന്നു." അന്നു യെരുശലേമിൽ ആരംഭത്തിൽ വളർന്നുവന്ന പ്രത്യേക സാഹചര്യമായിരുന്നു അതു; പിൽക്കാലങ്ങളിൽ അനുവർത്തിക്കേണ്ടതുമായിരുന്നില്ല. സഹായം ആവശ്യമുള്ള ക്രിസ്ത്യാനികളെ ഇതുപോലെ ചെയ്യുന്ന ഒരു സംഭവവും പിന്നീട് നാം വായിക്കുന്നില്ല.

ഇതിൽനിന്നും ഒരു പാഠവും നമുക്കു പഠിക്കാനാവില്ല എന്നു കരുതരുത്. ഈ വിവരണ സൂക്ഷിപ്പിൽ നിന്നു അവർ ചെയ്ത ആ പ്രവൃത്തിയിൽ നിന്നു *ചിലതു* നാം പഠിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു:[27] നമ്മുടെ ഒരു സഹോദരനു ആവശ്യം നേരിടുമ്പോൾ, നാം അയാളെ സഹായിക്കുവാൻ – തയ്യാറാകണം. നമ്മുടേതു വില്ക്കേണ്ടി വന്നാലും അതു ചെയ്യണം.

വീണ്ടും 44-ാം വാക്യം നോക്കുക: "വിശ്വസിച്ചവർ എല്ലാവരും ഒരുമച്ചിരുന്നു, സകലവും പൊതുവക എന്നു എണ്ണുകയും ചെയ്തു." "സകലവും പൊതുവകയായി എണ്ണുക" എന്നതു നാം നേരത്തേ കണ്ടതുപോലെ. അവർ എല്ലാവരും തങ്ങൾക്കുണ്ടായിരുന്ന എല്ലാം പെട്ടെന്നു വിറ്റു കൊണ്ടുവന്നില്ല. പിന്നെ എന്താണതിന്റെ അർത്ഥം? ആ പദപ്രയോഗം ആരംഭ ക്രിസ്ത്യാനികളുടെ അടിസ്ഥാനമനോഭാവത്തെ കാണിക്കുകയാണ്. തങ്ങൾക്കുള്ള എല്ലാം തങ്ങളുടേതല്ല, ദൈവത്തിന്റേതാണ് എന്നവർ മനസിലാക്കി (സങ്കീർത്തനങ്ങൾ 50:10-12). അവർ ദൈവത്തിന്റെ അവകാശത്തെ *കൈകാര്യം ചെയ്യുന്നവർ* എന്നു മാത്രം (1 കൊരിന്ത്യർ 4:2). അവർക്കു ഇപ്പോൾ ക്രിസ്തുവിലുള്ള അവരുടെ സഹോദരങ്ങളുമായി പൊതുവായ ജീവിമാണുള്ളത് ("കൂട്ടായ്മ"), അതുകൊണ്ടു അവരുടെ സമ്പാദ്യം പൊതുവായി ഉപയോഗിക്കണമെന്ന ചിന്ത അവരിലുണ്ടായി. ആവശ്യം നിറവേറ്റുവാനുള്ളതാണ് അവരുടെ വസ്തുവക എന്നവർ മനസിലാക്കി. അവരുടെ സഹോദരങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ, അവർക്കുള്ളതു (പിതാവിന്റേത്) വില്ക്കുവാൻ അവർ തയ്യാറായി.

നമുക്കുള്ള പ്രായോഗികത 1 യോഹന്നാൻ 3:17 – ൽ പറയുന്നു: "എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും, തന്റെ സഹോദരന്നു മുട്ടുള്ളതു കണ്ടിട്ടു അവനോടു മനസലിവു കാണിക്കാഞ്ഞാൽ, ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ

വസിക്കും?"[28] ചോദ്യത്തിന്റെ ഉത്തരം വ്യക്തമാണ്: ശരിക്കും ഒരു സഹോദരനു മുട്ടുണ്ടാവുകയും എനിക്കു സഹായിക്കാൻ, കഴിവുണ്ടായിട്ടു ചെയ്യാതിരിക്കയും ചെയ്താൽ എന്നിൽ ദൈവസ്നേഹം ഇല്ല! എന്നു സ്പഷ്ടം സഹോദരന്മാരുടെ ആവശ്യങ്ങളിൽ സഹതാപം കാണിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ, അതിനു വ്യക്തിപരമായ ത്യാഗം അനുഷ്ഠിക്കേണ്ടി വന്നാലും – നാം അതിനു തയ്യാറാകണം![29]

### സന്തോഷിക്കുന്ന സഭ (2:46, 47)

ആരംഭ സഭയെക്കുറിച്ചു സ്കെച്ച് 46ഉം 47ഉം വാക്യങ്ങളിൽ പൂർത്തിയാക്കുന്നു:

> ഒരുമനപ്പെട്ടു[30] ദിനമ്പ്രതി ദൈവാലയത്തിൽ, കൂടി വരികയും, വീട്ടിൽ[31] അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും[32] ദൈവത്തെ, സ്തുതക്കയും[33] സകലജനത്തിന്റേയും കൃപ അനുഭവിക്കയും ചെയ്തു. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു.

"രക്ഷിക്കപ്പെടുവാൻ ഒരാൾ ബുധനാഴ്ച്ച വൈകുന്നേരത്തെ[34] ബൈബിൾ ക്ലാസിൽ സംബന്ധിക്കേണ്ടതുണ്ടോ?" എന്ന ചോദ്യം വിശദീകരിക്കപ്പെടുന്നതു എന്നെ ബാല്യം മുതൽ ഞാൻ കേട്ടിട്ടുണ്ട്. അവർ *ദിനമ്പ്രതി* സഹക്രിസ്ത്യാനികളുമായി കൂട്ടായ്മ ആചരിച്ചു! അവർ ദിനമ്പ്രതി ദൈവാലയത്തിലും കൂടി വന്നിരുന്നു, "അപ്പൊസ്തലന്മാരുടെ ഉപദേശം കേൾക്കുന്നതിനും" കൂട്ടായ്മ ആചരിക്കുന്നതിനും എല്ലാവരും ഒരുമിച്ചു കൂടുവാൻ പറ്റിയ സ്ഥലം ദൈവാലയമായിരുന്നു (2:42).[35] അവർ സഹോദരീ സഹോദരന്മാരുമായി അടുത്തു ഓരോ വീട്ടിലേയും, ആഹാരം രുചിച്ചു നോക്കുകയും ചെയ്തിരുന്നു.[36] അതിലുപരി, ഇതു അവർ *സന്തോഷത്തോടെ* ചെയ്തിരുന്നു: "അവർ *സന്തോഷത്തോടെ* ഒരുമിച്ചു ഭക്ഷണം കഴിച്ചിരുന്നു" (എംഫസിസ് മൈൻ). നരകജ്വാലയിൽ നിന്നു അവർ ദൈവകൃപയിലേക്കു അവർ മാറ്റപ്പെട്ടു; അവരുടെ ഹൃദയങ്ങളിൽ ഉല്ലാസം നിറഞ്ഞു! ഈ ആനന്ദം മറ്റുള്ളവരിലേക്കു വ്യാപിക്കുന്നതു സ്വാഭാവികം; മറിച്ചു ചെയ്യുന്നതു അസ്വാഭാവികമായിതോന്നും. (അവർ അന്യോന്യം *സഹിക്കുമായിരുന്നില്ല*, പിന്നെയോ *ആസ്വദിക്കയായിരുന്നു!*)

നമ്മിൽ ചിലർ വളരെക്കാലമായി ക്രിസ്ത്യാനികളായി തീർന്നിട്ട്. പക്ഷേ നാം പാപങ്ങളിൽ നിന്നു ശുദ്ധീകരിക്കപ്പെട്ട ആവേശവും (2 പത്രോസ് 1:9). ആ ആനന്ദാനുഭൂതിയും നഷ്ടപ്പെട്ടിരിക്കയാണ്. നാം ദാവീദിനോടൊപ്പം പ്രാർത്ഥിക്കേണ്ടതാണ്, "നിന്റെ രക്ഷയുടെ സ*ന്തോഷം* എനിക്കു തിരികെ തരേണമേ" (സങ്കീർത്തനങ്ങൾ 51:12; എംഫസിസ് മൈൻ)!

### പങ്കിടുന്ന ഒരു സഭ (2:46, 47)

ആദ്യം ക്രിസ്ത്യാനിയിലുണ്ടായിരുന്ന ആവേശവും കൂട്ടായ്മയും

ഒരിക്കലും ശ്രദ്ധിക്കപ്പെടാതിരുന്നില്ല. യേശു പറഞ്ഞിരുന്നു, "നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും" (യോഹന്നാൻ 13:35). 2–ാം അദ്ധ്യായത്തിലെ അവ സാന വാകൃങ്ങൾ ഇങ്ങനെ നാം വായിക്കുന്നതിൽ അതിശയിക്കാനില്ല: "അവർ ... ദിനമ്പ്രതി ദൈവാലയത്തിൽ കൂടി വരികയും വീട്ടിൽ അപ്പം നുറുക്കികൊണ്ടു ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റേയും കൃപ അനുഭവിക്കയും ചെയ്തു. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനന്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു" (2:46, 47). "ദിനമ്പ്രതി" എന്നതു രണ്ടു സ്ഥലത്തും യാദൃശ്ചികമായി വന്നതല്ല. അവർ ഒരുമനപ്പെട്ടുകൂടി വന്നു (2:46). കർത്താവു എന്നതു രണ്ടു സ്ഥലത്തും യാദൃശ്ചികമായി സഭയോടു ചേർത്തുകൊണ്ടിരുന്നു (2:47). ക്രിസ്തുവിനോടും പരസ്പ രവും ശക്തമായ ബന്ധം പുലർത്തി ജീവിക്കുന്നവർ മറ്റുള്ളവരെ ആകർഷിക്കതന്നെ ചെയ്യും!

"എങ്ങനെ സഭ വളരും" എന്നതിനെ കുറിച്ചു അസംഖ്യം വാക്കു കൾ പ്രസംഗപീഠത്തിൽ നിന്നും, വേദിയിൽ നിന്നും, പ്രെസിൽ നിന്നും എല്ലാം ഒഴുകുന്നുണ്ട്. ദൈവ - *പ്രസാദകരമായ* ഒരു സഭ എങ്ങനെ വളരും,[37] എന്നു അറിയുവാൻ പ്രവൃത്തി 2:42–47 വരെയുള്ള ഭാഗങ്ങ ളെക്കുറിച്ചു ഓടിച്ചൊരു പഠനം നടത്തിയാൽ മതിയാകും!

## ഉപസംഹാരം

പ്രവൃത്തി 2:42–47 വരെയുള്ള ഭാഗങ്ങളിൽ വിവരിച്ചതുപോലെയുള്ള ഒരു ഇടവകയിൽ അംഗമാവുക എന്നതു മനോഹരമല്ലേ? വളരെ ഊർജ്ജസ്വലതയോടെ തലയാട്ടുന്നതിനുമുൻപു, നാം ആയിരിക്കേണ്ട തുപോലെ ആയാൽ നമുക്കു അതിൽ അംഗ*മാകാം* എന്നു പെട്ടെന്നു പറയണ്ട. അതായതു ആരാധിക്കുന്നതിൽ, ആദിരിക്കുന്നതിൽ, നിസ്വാർത്ഥമായി, സന്തോഷിച്ചു, പങ്കിട്ടുകൊണ്ട്. നമ്മെ കാണുവാൻ സഹായിക്കുന്ന കണ്ണാടിയാണ് ബൈബിൾ എന്നോർക്കുക. മറ്റുള്ള വർക്കു കാണിക്കത്തക്ക വലുതാകുന്നതായിട്ടല്ല. "ഞാൻ അംഗമാകാൻ ഇഷ്ടപ്പെടുന്ന സഭ" യിൽ ഒരു ക്രിസ്ത്യാനിയായിതീരുവാൻ ദൈവം എന്നെ സഹായിക്കട്ടെ.

പ്രവൃത്തി 2 ലെ പഠനത്തിൽ, നാം സമീപിക്കുമ്പോൾ "ബൈ ബി ളിലെ ചില അദ്ധ്യായങ്ങൾ വളരെ ശ്രേഷ്ഠമാണ്." മാഹാത്മ്യം പ്രകടി പ്പിക്കത്തക്ക കഴിവുള്ളവയാണ് അവ. "അത്തരത്തിലുള്ള അദ്ധ്യായ മാണ് പ്രവൃത്തി 2" ഈ അദ്ധ്യായത്തിലെ, സത്യങ്ങളെ എല്ലാം അനാ വൃതമാക്കാൻ എനിക്കു പ്രയാസം നേരിട്ടിട്ടുണ്ട്. പക്ഷേ നാം അവസാ നഭാഗത്തേക്കു വരുമ്പോൾ, ഈ കേന്ദ്രസ്ഥാനീയ തിരുവെഴുത്തിനെ ഞാൻ സ്പർശിക്കമാത്രമെ ചെയ്തിട്ടുള്ളൂ എന്നു സമ്മതിക്കുന്നു.

പ്രവൃത്തി 2ലെ പാഠങ്ങളിൽ, യേശുക്രിസ്തു വെച്ചിരിക്കുന്ന ഏക പ്രത്യാശ മാത്രമെയുള്ളൂ (ഗലാതൃർ 3:1). ക്രൂശിക്കപ്പെട്ട ക്രിസ്തു ഉയിർത്തെഴുന്നേറ്റു, സ്വർഗ്ഗത്തിൽ, ദൈവത്തിന്റെ വലത്തുഭാഗത്തിരി ക്കുന്നതു നാം കണ്ടു; പിന്നീട് മൂവായിരം പേർ യേശുവിനെ വിശ്വ

സിച്ചു അനുസരിച്ചു; അവസാനം, ആരംഭക്രിസ്ത്യാനികളുടെ ജീവിതത്തിൽ യേശു ക്രിസ്തു പ്രദർശിപ്പിക്കയുണ്ടായി. നമ്മുടെ ജീവിത്തിലെ ഓരോ ദിവസവും യേശുവിനെ ഉയർത്തുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## പ്രസംഗ കുറിപ്പുകൾ

സുവിശേഷയോഗങ്ങൾ, തയ്യാറാക്കുന്നതെന്നു കാണിച്ചു കൊടുക്കാൻ പ്രവൃത്തി 2 ഞാൻ പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്. "എങ്ങനെ ഒരു വലിയ യോഗം നടത്താം." അതിനു, നിങ്ങൾക്കു (1) വലിയ ഒരുക്കം ആവശ്യമാണ് (പ്രവൃത്തി 1 ഇവിടെ പുനരവലോകനം നടത്താം); (2) വലിയ പ്രചാരം (ദൈവം എല്ലാവരുടേയും ശ്രദ്ധ ക്ഷണിച്ചു!); (3) വലിയ പ്രസംഗം (പത്രോസ് ചെയ്തപോലെ യേശുവിനെക്കുറിച്ചു പ്രസംഗിക്കുക); (4) വലിയ അവബോധം (വലിയ ഫലം വേണമെങ്കിൽ സത്യസന്ധരായ കേൾവിക്കാർ വേണം). ഇവയെല്ലാം തന്നെ നാം എന്തെല്ലാം ചെയ്തു ഇനി എന്തെല്ലാം ചെയ്യാനുണ്ട് എന്ന തും വ്യക്തമാകും.

ആരംഭ സഭ എല്ലാം പൊതുവക എന്നെണ്ണി എന്ന ആശയത്തെക്കുറിച്ചു വിലപ്പെട്ട പാഠം തയ്യാറാക്കാൻ കഴിഞ്ഞു, 2:44, 45 ന്റെ ദുരുപയോഗത്തെ എടുത്തു കാണിക്കയും സമുദായനേതാക്കൾ തെറ്റായവശങ്ങളെ നിരാകരിച്ചുകൊണ്ട് ആവശ്യമുള്ളവരെ സഹായിക്കുന്നതു നിസ്വാർത്ഥമായിരിക്കണം എന്നതും എടുക്കാം. ആ പാഠം 2:44, 45 മുതൽ 4:32–35 വരെ എടുക്കാം.

2:46, 47–ൽ "ദിനമ്പ്രതി" എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ഇതു "എല്ലാ ദിവസവും ഉള്ള മതം" എന്ന പോയിന്റോടുകൂടി പ്രസംഗം പ്രവൃത്തിയുടെ പുസ്തകത്തിൽ നിന്നും തയ്യാറാക്കാം: അവർ ദിനമ്പ്രതിക്കൂടി വന്നു (2:46), തിരുവെഴുത്തുകളെ അവർ ദിനമ്പ്രതി പരിശോധിച്ചിരുന്നു (17:11), ആത്മാക്കളെ ദിനമ്പ്രതി നേടി (2:47), ദിനമ്പ്രതി എണ്ണത്തിൽ പെരുകി (2:47; 16:5).

---

കുറിപ്പുകൾ

[1]41–ാം വാകൃത്തിലേ പോലെ തന്നെയാണ് 42–ാം വാകൃത്തിലെ; അതേ പാരഗ്രാഫി ലെ ഒരു ഭാം വേറൊരർത്ഥത്തിൽ, *പറഞ്ഞാൽ* അതു 41–ാം വാകൃത്തിൽ *തുടർച്ചയാണ്*. [2]KJV യിൽ "അപ്പൊസ്തലന്മാരുടെ ഉപദേശം" എന്നാണ്. "ഡോക്ട്രിൻ" എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം "ഉപദേശം" എന്നാണ്. അതു ഉപദേശമോ, "പ്രായോഗിക മോ" ആകാം. [3]ആറു വർഷങ്ങൾക്കുശേഷമാണ് പുതിയ നിയമത്തിലെ അവസാന പുസ്തകം എഴുതുന്നത്. [4]സൂചന നല്കുന്നതു അപ്പൊസ്തലന്മാർ മാത്രം ഉപദേശിച്ചിരുന്നു. വേറൊരു തെളിവു അപ്പൊസ്തലന്മാർക്കു മാത്രം പരിശുദ്ധാത്മസ്നാനം ലഭിച്ചിരുന്നു. [5]"അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും

ആചരിച്ചും" എന്ന പ്രയോഗത്തിന്റെ അർത്ഥം അവരോടു അപ്പൊസ്തലന്മാർ പറയുന്നതു *ചെയ്യുവാൻ* അവർ ആകാംഷയുള്ളവരായിരുന്നു. *ചെയ്യുന്നതു* ശേഷമുള്ള അദ്ധ്യായങ്ങളിൽ ഊന്നി പറയുന്നതുകൊണ്ട്, ഇതിൽ *പഠിക്കുന്നതിനാണ്* ഊന്നൽ കൊടുക്കുന്നത്. [6]ലൂയിസ് ഫോസ്ടെർ കമെന്റ്സ് ഓൺ ആക്സ്, *ദി എൻഐവി സ്റ്റഡി ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിംഗ് ഹൗസ്, 1985), 1648. [7]ഗലാത്യർ 6:6; എബ്രായർ 13:16 (NASB) ബന്ധപ്പെട്ട ഒരു വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് "പാർട്ട്ണർ" എന്നാണ് – 2 കൊരിന്ത്യർ 8:23 ഉം ഫിലമോൻ 17 ഉം (NASB). [8]1 യോഹന്നാന് 1:3; 1 കൊരിന്ത്യർ 1:9; 2 കൊരിന്ത്യർ 13:14. [9]നാം കർത്തൃമേശയെ "കൂട്ടായ്മ" എന്നു പറയുവാനെടുക്കുന്ന വേദഭാഗമാണിത്. NASB തർജ്ജിമ ചെയ്തിരിക്കുന്നത് "പങ്കിടൽ" എന്ന വാക്കായിട്ടാണ്. [10]ക്രിസ്തുവിലുള്ള നമ്മുടെ കൂട്ടായ്മയുടെ മറ്റൊരു പ്രകടനമാണ് സാധാരണ ഭക്ഷണം പങ്കിടൽ (പ്രവൃത്തി 2:46). ഒരാളെ നാം "കൂട്ടായ്മയിൽ നിന്നകറ്റുമ്പോൾ," നാം ഭക്ഷണം കഴിക്കാവുന്നതല്ല (1 കൊരിന്ത്യർ 5:11). സഭയിലെ അംഗങ്ങൾ ഒരുമിച്ചു കൂടി ഭക്ഷണം കഴിക്കുന്നതിനെ "കൂട്ടായ്മ" എന്നു വിളിക്കുന്നതു തെറ്റായി ഉപയോഗിക്കുന്നതല്ല നിർഭാഗ്യവശാൽ ചില ഇടവകയിൽ "കൂട്ടായ്മ" എന്നതു അത്തരം സാഹചര്യങ്ങൾ *മാത്രമായി;* ഒതുക്കി നിർത്തുന്നുണ്ട്. അതു ശരിയല്ല.

[11]ലിവിങ്ങ് ഓറക്കിൾ ട്രാൻസിലേഷൻ ദി ട്വവെന്റിയെത്ത് സെഞ്ചറി ന്യൂ ടെസ്റ്റമെന്റ്. [12]കർത്തൃമേശയെ "അപ്പം നുറുക്കൽ" എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. അതെടുത്ത് അവരുമായി സമ്പർക്കം പുലർത്തുന്നവർക്കു അപ്പം മാത്രം കൊടുത്താൽ മതി എന്നു "തെളിയിക്കാൻ" ശ്രമിക്കും (പുരോഹിതന്മാർ വീഞ്ഞു കുടിക്കും). ഉപയോഗിച്ച പദപ്രയോഗം ഒരിക്കലും അപ്പം മാത്രം മതി എന്നു പറയുന്നില്ല. സാധാരണ അപ്പം ഭക്ഷിക്കുമ്പോഴും അപ്പം മാത്രമല്ലല്ലോ കഴിക്കുന്നത്. മുഴുവൻ പ്രവൃത്തിയുടേയും പ്രാമുഖ്യം എടുത്തു കാണിക്കുന്നു എന്നു മാത്രം ഒരു വ്യാചാലങ്കാരമായി അപ്പം നുറുക്കുവാൻ കൂടി വന്നു എന്നു പറഞ്ഞതാണ്, യേശു കല്പിച്ചത് ഇതു *രണ്ടും* പങ്കിടുവാനാണ് (1 കൊരിന്ത്യർ 11:23–26). [13]കേൾക്കുകയും പ്രാർത്ഥിക്കയും ചെയ്യുന്നത് *ആരാധനയെ* തറെപ്പിച്ചു പറയുന്നു. [14]43–ാം വാക്യം തുടങ്ങുന്നതു പുതിയൊരു ഖണ്ഡികയായിട്ടാണ്. 47–ാം വാക്യം വരെ അതു തുടങ്ങുന്നു. [15]KJV യിൽ "ഫിയർ," അക്ഷരീകമായി മൂലഗ്രന്ഥത്തിൽ, "ഭയം" എന്നാണ്. ഇവിടെ പറയുന്ന ഭയം ആദരവും, ബഹുമാനവും, കൊണ്ടുണ്ടായതാണ്. [16]ഈ സമയത്തു അപ്പൊസ്തലന്മാർ മാത്രമെ അത്ഭുതം പ്രവർത്തിച്ചുള്ളൂ. വേറെ ആർക്കും അത്ഭുതം ചെയ്യുവാനുള്ള കഴിവുണ്ടായിരുന്നില്ല. [17]2:22 ന്റെ ചർച്ച ഈ പുസ്തകത്തിലുള്ളതു നോക്കുക. [18]രോഗികളെ സൗഖ്യമാക്കി (അദ്ധ്യായങ്ങൾ 3ഉം 5ഉം). ഭൂതങ്ങളെ പുറത്താക്കി (5:16), മരിച്ചവരെപോലും ഉയിർപ്പിച്ചു (9:36–41)! [19]അത്തരം പരിശ്രമങ്ങൾ അനവധി മുൻകാലങ്ങളിൽ നടന്നിട്ടുണ്ട്. അവയെല്ലാം പരാജയപ്പെട്ടു. [20]45–ാം വാക്യത്തിൽ KJV ഉപയോഗിച്ചിരിക്കുന്നത് ഭൂതകാലമായിട്ടാണ്. അതു ആശയത്തെ തിരിച്ചെത്തിക്കയാണ്: "അവരുടെ വസ്തുവകകൾ വിറ്റു എല്ലാവരും ഭാഗിച്ചെടുക്കയും ചെയ്തു ..." മൂലഭാഷയിൽ *അയോറിസ്റ്റ്* (ഭൂതകാലം) ഇല്ല. മറിച്ച് *അപൂർണ്ണ* കാലമാണുള്ളത്, സൂചിപ്പിക്കുന്നത് ഭൂതകാലങ്ങളിൽ തുടങ്ങി വർത്തമാന കാലത്തിൽ തുടരുന്നു എന്നാണ്.

[21]NASB യിൽ "തുടങ്ങി" എന്നതു ചരിച്ചെഴുതിയിരിക്കുന്നു. അതു തർജ്ജിമക്കാരുടേതാണെന്നാണ് സൂചന. സന്ദർഭം വേണ്ട വിധത്തിൽ, വിവരം നല്കി എന്നാണ് എന്റെ വിശ്വാസം. [22]ഒരുപക്ഷേ അവർ ബർന്നബാസിനു ലഭിച്ച അംഗീ

കാരം ആഗ്രഹിച്ചിരിക്കാം (4:36, 37). [23]യേശു ഒരിക്കൽ ധനികനായ ഒരു യുവാവി നോടു തനിക്കുള്ളതെല്ലാം വിറ്റു, ദരിദ്രർക്കു കൊടുത്തശേഷം അവനെ അനുഗമി ക്കാൻ വെല്ലുവിളി ഉയർത്തി (ലൂക്കൊസ് 18:18–25). ഇത്, എങ്ങനെയായാലും, പ്രത്യേക വെല്ലുവിളി ഒരു വ്യക്തിക്കുമാത്രം കൊടുത്തതായിരുന്നു, എല്ലാ ക്രിസ്ത്യാനികൾക്കും ഉള്ളതായിരുന്നില്ല. ഒരു സമുദായാദ്ധ്യക്ഷൻ തന്റെ അനുയായികളോടു സകലവും വിറ്റു അയാളുടെ കാൽക്കൽ കൊണ്ടുവരുവാൻ ഈ വേദഭാഗം ഉപ യോഗിച്ചു പറഞ്ഞാൽ, ഞാൻ പറയും യേശു പറഞ്ഞത് വിറ്റു *ദരിദ്രർക്കു* കൊടു ക്കുവാനാണ്, അദ്ദേഹത്തിനല്ല! [24]ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമെന്ററി ഓൺ ആക്സ്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1976), 63. [25]പുതിയ ക്രിസ്ത്യാനികളായി തീർന്ന, (എല്ലാവരും ഇല്ലെങ്കിൽ) അധികം പേരും വ്യാപിച്ചിരുന്നില്ല (പ്രവൃത്തി 8:1–4). [26]"ആവശ്യമുള്ള" രണ്ടു കൂട്ടം ആളുകളെയാണ് തുടർന്നുള്ള അദ്ധ്യായങ്ങളിൽ പറയുന്നത്: അപ്പൊസ്തലന്മാർ, അവരുടെ സമയം മുഴുവൻ ഉപദേശിപ്പാനും പ്രസംഗിപ്പാനും ചെലവഴിച്ചതുകൊണ്ട് അവർക്കു അവരുടേതായി പണമില്ലായിരുന്നു (പ്രവൃത്തി 3:6), വിധവകളും ഉണ്ടായിരുന്നു (പ്രവൃത്തി 6:1) ആവശ്യമുണ്ടായിരുന്നവർ, നാം വിചാരിക്കും, വേറെയും കണ്ടേക്കാം (പ്രവൃത്തി 11:29). [27]വേദഭാഗത്തുള്ള വാക്ക് "ആവശ്യം," എന്നാണ് "ആഗ്രഹം" എന്നല്ല. എന്റെ സഹോദരന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ (പരിധിക്കുള്ളിൽ) നിറവേറ്റുവാൻ ഉത്തരവാദിത്വമുണ്ട്; അതേ സമയത്തു അദ്ദേഹത്തിന്റെ അഗ്രഹങ്ങൾ എല്ലാം നിറവേറ്റുക എന്നതു എന്റെ ഉത്തരവാദിത്വമല്ല. [28]ബാധിക്കുന്ന വേറൊരു വാക്യം ഗലാത്യർ 6:10 ആണ്: "ആകയാൽ അവസരം കി ട്ടും പോലെ നാം എല്ലാവർക്കും, *വിശേഷാൽ സഹ വിശ്വാസികൾക്കും നന്മ ചെയ്യുക*" (എംഫസിസ് മൈൻ). [29]പ്രവൃത്തി 2:44, 45–ൽ അടങ്ങിയ തത്വം 1 യോഹന്നാൻ 3:17–ൽ പറഞ്ഞിരിക്കുന്നതനുസരിച്ചു ഒരു യോഗ്യത കാണിക്കുന്നു: അയാളെ അതു മടിയനാക്കു*ന്നില്ലെങ്കിൽ* നാം നമ്മുടെ സഹോദരനെ സഹായിക്കണം (2 തെസലോനിക്യർ 3:10). [30]സഭയുടെ സ്വഭാവമായി നാം ഉണ്ടാക്കിയെടുക്കേണ്ട, ഐക്യത കൈവരിക്കാൻ ഉതകുന്ന അനേക കാര്യങ്ങൾ ലൂക്കോസ് വിവരിക്കുന്നതിൽ ഒന്നാണ് ഏകമനസ്.

[31]ആദ്യ സഭ വിവിധ സ്ഥലങ്ങളിലായിരുന്നു കൂടി വന്നിരുന്നത്, പരസ്യയോഗങ്ങൾക്കു പോലും (ഉദാഹരണമായി ദൈവാലയം). വീടുകളും ഉപയോഗിച്ചിരുന്നു (റോമർ 16:5; 1 കൊരിന്ത്യർ 16:19; കൊലൊസ്യർ 4:15; ഫിലമൊൻ 2). നമുക്കറിയാവുന്നിടത്തോളം, അനേക വർഷങ്ങൾക്കു ശേഷമാണ് ആരാധിക്കുവാൻ ഒരു സഭാമന്ദിരം പണിതത്. ഒരു "കെട്ടിടം" സഭയ്ക്കു നല്ലൊരു ആയുധമാണ്, പക്ഷേ കർത്താവിന്റെ വേലക്കു അതു ഒഴിച്ചു കൂടാനാവാത്തതാണെന്നു കരുതരുത്. [32]KJV പറയുന്നതു, "മാംസം," എന്നാണ്. എന്നാൽ അതു മൃഗങ്ങളുടെ "പച്ച മാംസം" എന്നു കരുതരുത്. ഇംഗ്ലീഷിൽ "മീറ്റ്" എന്ന വാക്ക് പൊതുവിൽ ആഹാരത്തിനു ഉപയോഗിക്കുന്നതാണ്. ദി NKJV, KJV യിലെ ഭാഷ നവീകരിച്ചിരിക്കയാണ്. അതിൽ, "ഫുഡ്" എന്നാണ് ഉള്ളത്. [33]"സിൻസിരിറ്റി" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതു "ഏക മനസ്" അല്ലെ ങ്കിൽ "ലാളിത്യം" എന്ന ആശയത്തിലാണ്. [34]ഞായറാഴ്ച്ചകൾക്കുള്ളിൽ ആഴ്ച്ച മുഴുവൻ വരുന്നതുകൊണ്ട്, മിക്ക അമേരിക്കൻ സഭകളിലും മദ്ധ്യവാര ശുശ്രൂഷയുണ്ട്, അതു മിക്കവാറും ബുധനാഴ്ച്ചയായിരിക്കും. ബൈബിളിൽ അത്തരം മദ്ധ്യവാര ശുശ്രൂഷയെപ്പറ്റി പറയുന്നില്ലെങ്കിലും, പ്രാരംഭ സഭ എപ്പോഴെല്ലാം കൂടി വരാമോ അപ്പോഴെല്ലാം കൂടി വന്നിരുന്നു എന്നു സൂചിപ്പിച്ചിട്ടുണ്ട്

(ഉദാഹരണമായി പരിഗണിക്കേണ്ട വേദവാക്യങ്ങൾ) ഞായറാഴ്ച്ചകളിൽ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ മാത്രമായിരുന്നില്ല – ആത്മീയ കൂട്ടായ്മയും, ബൈബിൾ പഠനവും, ശുശ്രൂഷാപരിശീലനവും ആരാധനയും, എല്ലാം നടത്തിയിരുന്നത്, (ദൈവം കല്പിച്ചിരുന്നു), കൂടി വരേണ്ട – സമയം തീർച്ചപ്പെടുത്തേണ്ടതു പ്രാദേശിക സഭയുടെ നേതൃത്വമാണ് – അതു രംഗങ്ങളുടെ ആത്മീയ വളർച്ചക്കു അത്യാവശ്യമാണ്. [35]നിരവധി കമന്റേറ്റേഴ്സ് കരുതുന്നതു പ്രാരംഭ (യെഹൂദ) ക്രിസ്ത്യാനികൾ ദൈവാലയത്തിലെ *യെഹൂദാരാ*ധനയിലും – A.D. 70–ൽ ദൈവാലയം നശിപ്പിക്കുന്നതുവരെ പങ്കെടുത്തിരുന്നു എന്നാണ്. പക്ഷേ ബൈബിളിൽ അതിനു തെളിവൊന്നുമില്ല. ഉടനെ. ക്രിസ്തീയ യുഗത്തിന് ആവശ്യമായതെല്ലാം വെളിപ്പെട്ടു കിട്ടിയില്ലായിരുന്നു എന്നതു വാസ്തവമാണ്. എന്നാൽ 42–ാം വാക്യം സൂചിപ്പിക്കുന്നത്. *ആദ്യം* അവർക്കു കിട്ടിയ വെളിപ്പാട് എങ്ങനെ ദൈവത്തെ *ആരാധിക്കണം* എന്നായിരുന്നു. 47–ാം വാക്യം വായിച്ചാൽ അവർ ദൈവത്തെ “വാഴ്ത്തി പോന്നു,” എന്നതും വാസ്തവമായിരുന്നു. അവർ (ദൈവാലയത്തിലോ വീടുകളിലോ) എവിടെയായിരുന്നാലും അവർ എങ്ങനെ ആരാധിച്ചിരുന്നു എന്നു ഇതു വ്യക്തമാക്കുന്നു. *യെഹൂദ* പുകഴ്ച്ച എന്നതിന്റെ അർത്ഥത്തിൽ പരിമിതി ഒന്നും ഇല്ലായിരുന്നു. പ്രവൃത്തി 5:12 പറയുന്നതു, “അവർ എല്ലാവരും ഏകമനസോടെ ശലോമോന്റെ *മണ്ഡപത്തിൽ* കൂടി വരിക പതിവായിരുന്നു” എന്നാണ് (എംഫസിസ്മൈൻ). ശലോമോന്റെ മണ്ഡപം *ജാതികൾക്കുള്ള* പ്രകാരമായിരുന്നു. ഇവിടെയായിരുന്നില്ല ദൈവാലയത്തിലെ യെഹൂദാരാധന. [36]അവർ വീടുകൾ തോറും ദിവസേന “അപ്പം നുറുക്കലും” ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ കർത്തൃമേശ, ആചരിക്കയും ചെയ്തു വന്നതിനാൽ, ഇവിടെ പറഞ്ഞ വാക്ക് സാധാരണ ഭക്ഷണമത്രേ. ഒരുമിച്ചു ഭക്ഷണം കഴിക്കുക എന്നതു ക്രിസ്തീയ കൂട്ടായ്മയുടെ പ്രകടനമാണ്. ഈ കൂട്ടായ്മ ഭക്ഷണത്തെ “സ്നേഹവിരുന്നു” എന്നും പറഞ്ഞിരുന്നു (യൂദാ 12). [37]വെറും അംഗസംഖ്യയിൽ മാത്രം ഒരിടവക വളർന്നാൽ അതു ദൈവത്തിനു പ്രസാദകമാകയില്ല. സത്യത്തിനു വിട്ടുവീഴ്ച്ച ചെയ്തുകൊണ്ടുള്ള “വളർച്ച” ദൈവം പ്രസാദിക്കുന്നതല്ല. നാം സംഖ്യയിലും ആത്മീയതയിലും വളരുവാൻ ദൈവം ആഗ്രഹിക്കുന്നു. അംഗസംഖ്യയിൽ ദൈവത്തോടുള്ള വിശ്വസ്തതയിലായിരിക്കണം. അർബ്ബുദം മുഴ വളർത്തും, പക്ഷേ, അതു ജീവിതത്തെ ഭീക്ഷണിപ്പെടുത്തുന്ന അനാരോഗ്യ വളർച്ചയാണ്.

---

**രാജ്യം/സഭ സ്ഥാപനം**

*രാജ്യം/സഭ അതിന്റെ ഉദ്ദേശത്തിൽ നിലനിന്നു.* നൂറ്റാണ്ടുകളോളം, അതു ദൈവ പദ്ധതിയിലും ഉദ്ദേശത്തിലും നിലനിന്നു (എഫെസ്യർ 3:10, 11).

*അതു വാഗ്ദാനത്തിൽ നിലനിന്നു.* പഴയനിയമത്തിലുടനീളം, രാജ്യം/സഭ വാഗ്ദാനത്തിലും പ്രവചനത്തിലും നിലനിന്നു. അന്ത്യനാളിൽ കർത്താവിന്റെ ആലയം സ്ഥാപിക്കപ്പെടുമെന്നും യെരുശലേമിൽനിന്നു ദൈവത്തിന്റെ വചനം പുറപ്പെടുമെന്നും യെശയ്യാവു പറഞ്ഞു (യെശയ്യാവ് 2:2, 3; 1 തിമൊഥെയോസ് 3:15 കർത്താവിന്റെ ആലയം സഭയാണെന്നു തിരിച്ചറിയുന്നു). അന്ത്യകാലത്തു റോമാഭരണകാലത്തു ദൈവത്തിന്റെ രാജ്യം സ്ഥാപിതമാകുമെന്നു ദാനിയേൽ

പ്രവചിച്ചിരുന്നു (ദാനിയേൽ 2:44).

*അതു തയ്യാറെടുപ്പിൽ നിലനിന്നിരുന്നു.* റോമാ സാമ്രാജ്യത്തി ന്റെ ഭരണകാലത്തായിരുന്നു ക്രിസ്തുവിന്റെ ശുശ്രൂഷ തുടങ്ങിയത്. അവന്റെ വ്യക്തിപരമായ ശുശ്രൂഷാ സമയത്ത്, രാജ്യം/സഭ തയ്യാറെടുപ്പിൽ ആയിരുന്നു. ദൈവരാജ്യം "ആസന്നമായിരുന്നു" എന്നാണ് യോഹ ന്നാനും യേശുവും പ്രസംഗിച്ചത് (മത്തായി 4:17; 3:1–2). തന്റെ രാജ്യം *ആത്മീയ* സ്ഥാപനമാണെന്നു യേശു തറപ്പിച്ചു പറഞ്ഞിരുന്നു (യോഹ ന്നാൻ 18:36). "രാജ്യം" "സഭ" എന്നീ വാക്കുകൾ യേശു മാറി മാറി ഉപയോഗിച്ചിരുന്നു (മത്തായി 16:18, 19).

തന്റെ രാജ്യം "ശക്തിയോടെ" വരുമെന്നാണ് യേശു പറഞ്ഞതു (മർക്കൊസ് 9:1). തന്റെ ഉയിർപ്പിനുശേഷം, അവൻ ശിഷ്യന്മാരോടു പരിശുദ്ധാത്മാവു വരുമ്പോൾ ശക്തി ലഭിക്കുമെന്നും യെരുശലേമിൽ തുടങ്ങി എല്ലായിടത്തും അവർ അവന്റെ സാക്ഷികൾ ആകുമെന്നു പറഞ്ഞു (പ്രവൃത്തി 1:6–8). ആ ശക്തി വരുവോളം അവർ യെരുശലേ മിൽ കാത്തിരിക്കണമായിരുന്നു; മാനസാന്തരവും പാപമോചനവും അങ്ങനെ "യെരുശലേമിൽ തുടങ്ങി" അവന്റെ നാമത്തിൽ പ്രസംഗി ക്കണമായിരുന്നു (ലൂക്കൊസ് 24:45–49).

*അതു ശക്തിയിൽ നിലവിൽ വന്നു (തുടർന്നു നിലനിൽക്കാൻ തുടങ്ങി)* യേശുക്രൂസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നി വയ്ക്കുശേഷം പെന്തെകൊസ്തുനാൾ വന്നു (പ്രവൃത്തി 2:1–4). അങ്ങനെ ശക്തി വരികയും; രാജ്യം/സഭ സ്ഥാപിതമാകയും ചെയ്തു.

യെശയ്യാവും യേശുവും പറഞ്ഞതുപോലെ, സുവിശേഷ പ്രസംഗം യെരുശലേമിൽ ആരംഭിച്ചു (പ്രവൃത്തി 2:29–38). വിശ്വസിച്ചു, മാനസാന്തരപ്പെട്ട്, സ്നാനപ്പെട്ടവരെ കർത്താവു രാജ്യം/സഭയോട് ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തി 2:41, 47; KJV). അന്നു മുതൽ, രാജ്യം/സഭ നിലവിലുള്ളതായിട്ടാണ് പറഞ്ഞിരിക്കുന്നത് (പ്രവൃത്തി 5:11; 8:1, 3; കൊലൊസ്യർ 1:13; എബ്രായർ 12:28; വെളിപ്പാട് 1:6).

ക്രിസ്തു *ഇപ്പോൾ* സ്വർഗ്ഗത്തിൽ തന്റെ രാജ്യം വാഴുന്നു, ആ വാഴ്ച്ച ലോകാവസാനം അവൻ വീണ്ടും വരുന്നതുവരെ തുടരും (1 കൊലൊസ്യർ 15:24–27). അപ്പോൾ തന്റെ വിശ്വസ്ത അനുയായി കളെ അവൻ സ്വർഗ്ഗത്തിലേക്കു എടുക്കും (യോഹന്നാൻ 14:1–3).

നിങ്ങൾ ക്രിസ്തുവിന്റെ രാജ്യം/സഭയിൽ ആണോ?